അക്കാദമിക -
മാസ്റ്റർ പ്ലാൻ.

ഗവ. എൽ. പി. എസ് തുറവൂർ -
മണക്കോടം

2025 - 26

# ആമുഖം

പൊതുവിദ്യാഭ്യാസം എന്ന ആശയം തനതായ രീതിയിലൂടെ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം- കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളും - ശക്തിപ്പെടുത്തുന്നതിൽ നാമെല്ലാം ഒത്തൊരുമിച്ച് മുന്നേറി. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തു- ന്നതിനോടൊപ്പം ഗുണനിലവാരം, അവസരതുല്യത, ലിംഗസമത്വം, പങ്കാളിത്തം, മാനവികത എന്നിവയ്ക്ക് പ്രാധാന്യം നൽകുക കൂടി നമ്മുടെ കടമയായി കരുതണം. അതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗ- ങ്ങളിലെ വിദ്യാർത്ഥികളുടെയും, ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെയും സവിശേഷ- മായ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഇവയെല്ലാം പരിഹാര മായി നമുക്ക് മുന്നോട്ട് വെക്കാൻ കഴിയുന്നത് - അക്കാദമിക മികവാണ്. ജനപങ്കാളിത്തം കൊണ്ട് ശക്തമായ പൊതുവിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് സൃഷ്ടിക്കാൻ നമുക്ക് ഒരുങ്ങാം.

---

# സ്കൂൾ ചരിത്രം

വിദ്യാലയം തുറവൂർ പഞ്ചായത്തിൽ ആറാം വാർഡിൽ മനക്കോടം പ്രദേശത്ത് സ്ഥിതിചെയ്യുന്നു. 1885ൽ ഫാദർ ഇമ്മാനുവൽ എന്ന ദീർഘദർശിയുടെ മനസ്സിലുദിച്ച ആശയമാണ് ഈ വിദ്യാലയത്തിന് തുടക്കമായത്. ആദ്യം പള്ളിയുടെ സമീപത്ത് തന്നെയുള്ള അദ്ദേഹത്തിന്റെ വീടിന് സമീപവും പിന്നീട് പള്ളിയുടെ അടുത്തും പ്രവർത്തനം തുടർന്ന വിദ്യാലയം പിന്നീട് ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. 1907 കാലഘട്ടത്തിൽ എൻ.എസ്.എസ്. സ്ഥാപകൻ ശ്രീ. മന്നത്ത് പത്മനാഭൻ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. കരിപ്പാറത്ത് ഗോപാലപിള്ള, ദക്ഷിണാത്തയ്യർ, ഉണ്ണിയപ്പൻസാർ, മാധവൻനായർ, ബഹുമാന്യനായ ബിഷപ്പ് ശ്രീ. പീറ്റർ ചേനപ്പറമ്പിന്റെ പിതാവ് മൈക്കിൾ സാർ, സർവ്വശ്രീ. ശ്രീധരൻപിള്ള, സെബാസ്റ്റ്യൻസാർ, ലൂക്ക്സാർ, ഭാസ്കരൻ ശാസ്ത്രിസാർ, പീതാംബരൻസാർ എന്നിങ്ങനെ ധാരാളം പ്രഗത്ഭർ ഈ സ്കൂളിലെ അധ്യാപകരായിരുന്നു. ശ്രീ. എൻ. ആർ. ഗൗതമൻ, ശ്രീമതി കുസുമം സേവ്യർ, ശ്രീമതി ചന്ദ്രലേഖ, ശ്രീമതി ശോഭ, ശ്രീ കൃഷ്ണശർമ്മ, ശ്രീമതി. വി.പി. റോസ് ഫിലിപ്പ്, ശ്രീമതി ഗീത എന്നിവർ ഈ സ്കൂളിൽ പഠിപ്പിച്ചിരുന്ന പല അധ്യാപകരിൽ ചിലരാണ്. 1921ൽ സർക്കാരിലേയ്ക്ക് കൈമാറുകയും ഗവ.എൽ.പി.എസ്. തുറവൂർ എന്ന് പുനർനാമകരണം ഉണ്ടാവുകയും ചെയ്തു. മുമ്പ് അഞ്ചാം ക്ലാസ് വരെ ഉണ്ടായിരുന്നതായി രേഖകൾ കാണിക്കുന്നു. ദിവംഗതനായ ആലപ്പുഴ ബിഷപ്പ് പീറ്റർ ചേനപ്പറമ്പിൽ, മുൻ എം.എൽ.എ ടി.കെ. രാമൻ, വയനാട് ഡി.എം.ഒ. ശ്രീ. കെ.എസ്. അജയൻ തുടങ്ങി പ്രഗത്ഭരും പ്രശസ്തരുമായ അനേകം പേർ ഇവിടെ പൂർവ്വവിദ്യാർത്ഥികളായിരുന്നു.

2002ൽ പ്രീ. പ്രൈമറി ക്ലാസ്സുകൾ സർക്കാർ അനുവാദത്തോടെ ആരംഭിക്കുകയുണ്ടായി. അതിനുശേഷം എസ്.എസ്.എ. സഹായത്തോടെ ചുറ്റുമതിൽ പൂർത്തീകരിക്കാനും കഞ്ഞിപ്പുര പുതിയത് നിർമ്മിക്കാനും സ്വാമി ദുരിതാശ്വാസ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാനും ഏറ്റവും ഒടുവിൽ 2014ൽ എം.പി. ഫണ്ട് ഉപയോഗിച്ച് മൂന്ന് ക്ലാസ്സ് മുറികൾ പൂർത്തീകരിക്കാനും ആയത് സ്കൂളിന്റെ മുഖഛായ തന്നെ മാറ്റുകയും ചെയ്തു. 2012ൽ വിദ്യാലയം ശതോത്തര രജതജൂബിലി (125-ാം വാർഷികം) ആഘോഷിക്കുകയുണ്ടായി. വളരെ നിറപകിട്ടാർന്ന ഈ ചടങ്ങ് ഗ്രാമത്തിന്റെ ഉത്സവമാക്കി മാറ്റാനും പൂർവ്വ അധ്യാപക പൂർവ്വ വിദ്യാർത്ഥി സംഗമത്തിലൂടെ നല്ലൊരു സൗഹൃദ്യബന്ധം ഇണക്കിച്ചേർക്കാനും ഈ വാർഷികാഘോഷം കാരണമായി.

ശ്രീമതി സബീദമ്മു. സി.എം. ആണ് ഇപ്പോൾ വിദ്യാലയത്തിലെ ഹെഡ്മിസ്ട്രസ്. മൂന്ന് സഹ അധ്യാപകരും ഒരു പി.റ്റി.സി.എം. ഉം, നഴ്സറി ടീച്ചർമാരും ഉൾപ്പെടെ 6 ജീവനക്കാരാണ് ഇപ്പോൾ നിലവിലുള്ളത്. പ്രൈമറി വിഭാഗത്തിൽ 45 വിദ്യാർത്ഥികളും. പ്രീ-പ്രൈമറി വിഭാഗത്തിൽ 12 വിദ്യാർത്ഥികളും ഉൾപ്പെടെ 57 വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ പഠിക്കാൻ എത്തുന്നു.

സൗകര്യപ്രദമായ കഞ്ഞിപ്പുരയും സജ്ജമായ ഒരു കമ്പ്യൂട്ടർ ലാബും ക്ലാസ് - സ്കൂൾ ലൈബ്രറികളും ചെറു ഉദ്യാനവും തണൽ മരങ്ങളുമൊക്കെ ചേർന്ന് കുട്ടികൾക്ക് പഠനത്തിന് ഏറ്റവും അനുയോജ്യമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്.

ഏറെ പിന്നോക്കസാഹചര്യത്തിൽ വളരുന്ന കുട്ടികൾ ആണെങ്കിൽപോലും ഇവിടെ നിന്നും തുടർ പഠനത്തിന് പോകുന്ന സമയത്ത് അവർ വായന, എഴുത്ത് എന്നി രംഗങ്ങളിൽ പൂർണ്ണരാകുന്നു. വാർഷിക പരീക്ഷാ

റിസൾട്ടിൽ എ, ബി എന്നീ ഗ്രേഡുകളിലാണ് മിക്കവാറും എല്ലാ കുട്ടികളും ജയിക്കുന്നത്. എൽ.എസ്.എസ്. പരീക്ഷയിൽ വിജയിക്കുന്ന കുട്ടികളും ഇവരിലുണ്ട്.

ചുറ്റുപാടും മുളച്ചുപൊന്തിയ അൺ എയ്ഡഡ് സ്കൂളുകളും, വിദ്യാലയത്തിന് ചുറ്റും സർവ്വീസ് നടത്തുന്ന മറ്റ് സ്കൂളുകളുടെ ബസ്സുകളുടെ ആധിക്യവും മൂലം ഈ സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി തീവ്രമായ ശ്രമം അധ്യാപകരുടേയും രക്ഷിതാക്കളുടേയും ഭാഗത്ത് നടന്നുവരുന്നു. വിദ്യാലയം ആകർഷകമാക്കിയും, പഠനനിലവാരമുയർത്തിയും ഈ സ്കൂളിന് അസൂയാർഹമാകും വിധം കി മികവ് നേടാനാകും.

---

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ അവരവരുടെ ക്ലാസ്സുകൾക്കനുസൃതമായി പഠനനിലവാരം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അത് പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുകയും അങ്ങനെ പൊതുവിദ്യാലയങ്ങളുടെ ജനസമ്മതി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് പൊതുവിദ്യാലയങ്ങളുടെ ഉത്തരവാദിത്വമാണ്. ഗവ. എൽ.പി. എസ് എല്ലാ കുട്ടികളിലും നിശ്ചിത പഠനശേഷി ആർജ്ജിക്കുന്നതിന് സഹായിച്ചു.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും കൈവരിക്കേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ അക്കാദമിക നിലവാരവും അതുവഴി സ്കൂളിന്റെ നിലവാരവും പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുക.
3. പൊതുവിദ്യാലയങ്ങളുടെ ജനസമ്മതി വർദ്ധിപ്പിക്കുക.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാശേഷി വികസനം | 1. ഭാഷാ കളരി കൂടി കളിച്ചും.<br>പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി | SMC |
| | 2. അമ്മ പറയട്ടെ<br>അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. അതിനാവശ്യമായ കഥാപുസ്തകങ്ങൾ കുട്ടിക്ക് വായനാ മൂലയിൽനിന്നും നൽകുന്നു. | ജൂലൈ മുതൽ--- | ക്ലാസ് ടീച്ചർ<br>SRG<br>മദർ PTA | മദർ PTA |

# കണ്ടറിയാം കേട്ടറിയാം.

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| | രുചിച്ചറിയാം. | | | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള- പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| | കലക്കൂട്ട് | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിൽ പ്രയോജനപ്പെടുത്താം. | വർഷത്തിലൊന്ന് | HM<br>SRG<br>Class Teacher<br>CPTA | PTA |
| | സർഗ്ഗോത്സവം | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ | കുട്ടികളുടെ സർഗശേഷി പ്രദർശനം | സർഗവേള പീരിയഡ്/കലോത്സവങ്ങൾ/സ്കൂൾ വാർഷികം/ പഠനോത്സവം | HM<br>SRG<br>CPTA<br>Class Teacher | PTA |

## ഉപവേല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം<br>വാർത്തകൾ കേൾപ്പിക്കൽ | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | SSA |
| **ഇംഗ്ലീഷ് - കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സംഭാഷണങ്ങൾ ചെറിയ വാക്യങ്ങളിലൂ എഴുതാൻ അവസരം | ആവശ്യാനുസരണം | Class Teacher | |
| **ഇംഗ്ലീഷ് - കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടിയുടെ നിലവാരത്തിനനുസരിച്ചുള്ള വായനാ കാർഡ് തയ്യാറാക്കി വായനാ മൂലയിൽ ഒരുക്കൽ | രണ്ടാഴ്ചയിൽ ഒന്ന് | Class Teacher | |
| **ഇംഗ്ലീഷ് - ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കാം | വായനാമത്സരം.<br>സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ആവശ്യാനുസരണം | HM<br>CPTA<br>Class Teacher | PTA |

# ഉപമേഖല - ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>• ഗണിത ക്ലബ്ബ്:- ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>മാസത്തിലൊന്ന് | PTA<br>Class Teacher<br>CPTA<br>SRG<br>Class Teacher | SSA |
| | | **കളിക്കാം - ഗണിക്കാം.** | | |
| ഗണിത പഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ മൂല്യനിർണയം കളികളിലൂടെ<br>– ഏണിയും പാമ്പും ഡയസ് കളി.<br>സങ്കലനം, വ്യവകലനം - കച്ചവടക്കളി | വർഷം മുഴുവൻ | SRG<br>Class Teacher | |
| | | **ഗണിത ചുമർ** | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ, ഗണിത സഞ്ചി ഇവ ഒരുക്കൽ പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher | |

## ഉപ മേഖല - പരിസര പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാരത്തിലെ ഇം ഭക്ഷ്യ വസ്തു ക്കളുടെ പ്രത്യേക തകളും തിരിച്ചറി യുക. | . ഭക്ഷ്യമേള പ്രദർശനം .നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ്. | Class Teacher PTA SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വ ദിക്കുന്നതിനും | പൂന്തോട്ടം, ഔഷധ ത്തോട്ടം. | ഡിസംബർ ജനുവരി | SRG Class Teacher | |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തി ലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ്, ചാർട്ട് പഠനോപകരണം, പരീക്ഷ ണം ഇവയുടെ പ്രദർശനം. | ആവശ്യാനു സരണം | SRG Class Teacher CPTA | |

GOVT.L.P.S THURAVOOR ☆ PIN-688540 ☆ THIRUMALABHAGOM

SABEEDA MAMMU.C M
PEN-563020
HEADMISTRESS
GOVT.L.P.S THURAVOOR
THIRUMALABHAGOM P.O.